2025
DECEMBER
30
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## 3ജി സേവനം അവസാനിപ്പിക്കാൻ ബിഎസ്എൻഎൽ

**ന്യൂഡൽഹി:** ദേശീയതലത്തിൽ തന്നെ 3ജി സേവനം അവസാനിപ്പിക്കാനുള്ള നീക്കത്തിൽ പൊതുമേഖലാ ടെലികോം കമ്പനിയായ ബിഎസ്എൻഎൽ. നിലവിൽ രാജ്യത്ത് 97,841 4ജി ടവറുകൾ ബിഎസ്എൻഎൽ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ടവറുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

രാജ്യമെമ്പാടും 4ജി എത്തുന്നതോടെ 3ജി നിർത്താനാണ് തീരുമാനം. അതായത്, 4ജിക്കൊപ്പം 3ജി സേവനം തുടരില്ല. നിലവിൽ 3ജി സേവനത്തിന് കമ്പനിയുമായി സഹകരിക്കുന്ന നോക്കിയ, ചൈനീസ് കമ്പനി സെഡ്ടിഇ എന്നിവയുമായുള്ള കരാറും ബിഎസ്എൻഎൽ അവസാനിപ്പിക്കും.

ബിഎസ്എൻഎൽ ഏറെ വൈകാതെ 5ജിയിലേക്കും പ്രവേശിക്കുമെന്ന് ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തു. അതേസമയം, ഇക്കാര്യങ്ങൾ ബിഎസ്എൻഎൽ ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. സെപ്റ്റംബറിലെ കണക്കുപ്രകാരം ബിഎസ്എൻഎലിന് ആകെ 9.23 കോടി മൊബൈൽ വരിക്കാരാണുള്ളത്.

ഇതിൽ 7 കോടിപ്പേർ ഇപ്പോഴും 3ജി സേവനമാണ് ഉപയോഗിക്കുന്നത്. ഇവർക്ക് ബിഎസ്എൻഎൽ ഓഫിസിലെത്തി 4ജി സിം നേടാം. അതേസമയം, പഴയ 3ജി ഫോണുകളോ ഫീച്ചർ ഫോണുകളോ ഉപയോഗിക്കുന്നവർ 4ജി/5ജി ഫോണിലേക്ക് അപ്ഗ്രേഡ് ചെയ്യേണ്ടിവരും.

ഇക്കൊല്ലം മാർച്ചുവരെയുള്ള കണക്കുപ്രകാരം ബിഎസ്എൻഎലിന് രാജ്യത്താകെ 58,919 എണ്ണം 3ജി ടവറുകളാണുള്ളത്. 5,863 പട്ടണങ്ങളിൽ 3ജി സേവനങ്ങൾ എത്തുന്നു. 3ജി സേവനങ്ങൾ അവസാനിപ്പിക്കുമെന്ന് ബിഎസ്എൻഎൽ ഇതുവരെയും ഔദ്യോഗികമായി പറഞ്ഞിട്ടില്ലെങ്കിലും ഇതുസംബന്ധിച്ച നടപടി സ്വീകരിക്കണമെന്ന് എല്ലാ സർക്കിളുകളിലെയും ചീഫ് ജനറൽ മാനേജർമാർക്ക് നിർദേശം നൽകിയെന്ന് അറിയുന്നു.

ബിഎസ്എൻഎൽ ഇപ്പോൾ വരിക്കാരുടെ എണ്ണത്തിലും വരുമാനത്തിലും തിരിച്ചുവരവിന്റെ പാതയിലാണ്. 18 വർഷത്തിന് ശേഷം തുടർച്ചയായ രണ്ട് ത്രൈമാസങ്ങളിൽ ലാഭത്തിലാവാനും കമ്പനിക്ക് കഴിഞ്ഞു. കഴിഞ്ഞ വർഷം ഡിസംബർ പാദത്തിൽ 262 കോടി രൂപയും മാർച്ച് പാദത്തിൽ 280 കോടി രൂപയുമാണ് ലാഭം.

എന്നാൽ പിന്നീടുള്ള ത്രൈമാസങ്ങളിൽ ചുവപ്പിലേക്ക് വീണു. സെപ്റ്റംബറിൽ അവസാനിച്ച പാദത്തിൽ 1,357 കോടി രൂപയായിരുന്നു നഷ്ടം. 4ജി സേവനങ്ങൾ ആരംഭിച്ചതോടെ 5,167 കോടി രൂപ വരുമാനംം നേടി. നടപ്പുസാമ്പത്തിക വർഷം 28,476 കോടി രൂപയുടെ വരുമാനമാണ് കമ്പനിയുടെ ലക്ഷ്യം.

# അഞ്ചു വർഷത്തിനിടെ 13.3 ലക്ഷം തൊഴിലവസരങ്ങൾ



**ന്യൂഡൽഹി:** കേന്ദ്ര സർക്കാരിന്റെ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഏറ്റവും വലിയ വിജയഗാഥയായി ഇലക്ട്രോണിക്സ് നിർമാണ മേഖല മാറുന്നു.

പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയുടെ കരുത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ഈ മേഖലയിൽ 13.3 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായി വ്യവസായ സംഘടനയായ ഇന്ത്യ സെല്ലുലാർ ആൻഡ് ഇലക്ട്രോണിക്സ് അസോസിയേഷൻ റിപ്പോർട്ട് ചെയ്തു. സ്മാർട്ട്ഫോൺ നിർമാണത്തിലുണ്ടായ വർധനവും കയറ്റുമതി പത്തിരട്ടിയായി ഉയർന്നതുമാണ് ഈ നേട്ടത്തിനു പിന്നിൽ.

ആകെ സൃഷ്ടിക്കപ്പെട്ട 1.33 ദശലക്ഷം തൊഴിലുകളിൽ നാലു ലക്ഷത്തോളം നേരിട്ടുള്ളവയും 9.3 ലക്ഷത്തോളം അനുബന്ധ (ലോജിസ്റ്റിക്സ്, സർവീസ് മുതലായവ) മേഖലകളിലുമാണ്.

2024-25 സാമ്പത്തിക വർഷത്തിൽ മാത്രം 25,000 കോടി രൂപയാണ് ശമ്പളമായി വിതരണം ചെയ്തത്. നേരിട്ടുള്ള ജീവനക്കാർക്ക് ശരാശരി 18,000 രൂപയും മറ്റുള്ളവർക്ക് 14,000 രൂപയുമാണ് മാസശമ്പളം.

പുതിയ തൊഴിലവസരങ്ങളിൽ 70 ശതമാനവും സ്ത്രീകൾക്കും ആദ്യമായി ജോലിക്കു പ്രവേശിക്കുന്നവർക്കുമാണ് ലഭിച്ചത് എന്നത് ഇലക്ട്രോണിക്സ് മേഖലയുടെ പ്രത്യേകതയാണ്. ഉദാഹരണത്തിന്, ബംഗളൂരുവിനു സമീപമുള്ള ഫോക്സ്കോണിൻറെ പുതിയ ഐഫോൺ ഫാക്ടറിയിൽ ജോലിക്കെടുത്ത 30,000 പേരിൽ 80 ശതമാനവും സ്ത്രീകളാണ്.

സുരക്ഷിതമായ ജോലി സാഹചര്യം, താമസസൗകര്യം, യാത്രാ സൗകര്യം എന്നിവ ഉറപ്പാക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫാക്ടറി സംവിധാനങ്ങളാണ് ഈ മാറ്റത്തിനു വഴിയൊരുക്കിയത്.

ഇന്ത്യയിലെ മൊബൈൽ ഫോൺ നിർമാണം 2021ലെ 2.2 ലക്ഷം കോടി രൂപയിൽനിന്നും 2025ൽ 5.45 ലക്ഷം കോടി രൂപയായി ഉയർന്നു. ഇതേ കാലയളവിൽ കയറ്റുമതി പത്തിരട്ടി വർധിച്ച് രണ്ടു ലക്ഷം കോടി രൂപ കടന്നു.

ആപ്പിൾ കമ്പനിയുടെ പ്രധാന നിർമാണ പങ്കാളികളായ ഫോക്സ്കോൺ, പെഗാട്രോൺ, ടാറ്റ ഇലക്ട്രോണിക്സ് എന്നിവരാണ് ഈ വളർച്ചയിൽ നിർണായക പങ്കുവഹിക്കുന്നത്. നിലവിൽ ലോകത്താകമാനം വിൽക്കുന്ന ഐഫോണുകളിൽ 20 ശതമാനവും ഇന്ത്യയിലാണ് നിർമിക്കുന്നത്.

ഇലക്ട്രോണിക്സ് മേഖലയിൽ നൈപുണ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്നതിലും സ്ത്രീകൾക്ക് മികച്ച തൊഴിൽ സാഹചര്യം ഒരുക്കുന്നതിലും പിഎൽഐ പദ്ധതി വലിയ മാറ്റമാണ് കൊണ്ടുവന്നതെന്ന് കേന്ദ്ര ഐടി മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

2026ഓടെ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മൊബൈൽ ഫോൺ കയറ്റുമതി രാജ്യമായി ഇന്ത്യ മാറുമെന്ന് ഐസിഇഎ ചെയർമാൻ പങ്കജ് മോഹിന്ദ്രു പറഞ്ഞു. നിലവിലെ നയപരമായ പിന്തുണ തുടർന്നാൽ വരും വർഷങ്ങളിൽ ദശലക്ഷക്കണക്കിനു പുതിയ തൊഴിലവസരങ്ങൾ ഇനിയും സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കോൾ ഇന്ത്യയുടെ എല്ലാ ഉപകമ്പനികളും 2030ഓടെ ഓഹരി വിപണിയിലേക്ക്

**ന്യൂഡൽഹി:** പൊതുമേഖലാ കൽക്കരി ഭീമനായ കോൾ ഇന്ത്യ ലിമിറ്റഡിന്റെ എട്ട് ഉപകമ്പനികളെയും 2030ഓടെ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യാൻ പ്രധാനമന്ത്രിയുടെ ഓഫീസ് നിർദേശം നൽകി. സ്ഥാപനങ്ങളുടെ ഭരണം കൂടുതൽ കാര്യക്ഷമമാക്കാനും സുതാര്യത ഉറപ്പാക്കാനുമാണ് ഈ നീക്കം. ഇന്ത്യയിലെ ആഭ്യന്തര കൽക്കരി ഉത്പാദനത്തിന്റെ 80 ശതമാനവും കോൾ ഇന്ത്യയാണ് നിർവഹിക്കുന്നത്.




ആദ്യ ഘട്ടത്തിൽ ഭാരത് കോക്കിംഗ് കോൾ ലിമിറ്റഡ്, സെൻട്രൽ മൈൻ പ്ലാനിംഗ് ആൻഡ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് ലിമിറ്റഡ് എന്നിവയാണ് ഓഹരി വിപണിയിൽ എത്തുക. 2026 മാർച്ചിനുള്ളിൽ ഇവയുടെ ലിസ്റ്റിംഗ് നടപടികൾ പൂർത്തിയാക്കാൻ കൽക്കരി മന്ത്രാലയത്തിന് നിർദേശം ലഭിച്ചു. ബിസിസിഎൽ ഇതിനോടകം തന്നെ സെബിക്ക് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു.

മഹാനദി കോൾ ഫീൽഡ്സ്, സൗത്ത് ഈസ്റ്റേൺ കോൾഫീൽഡ്സ് എന്നീ കമ്പനികളെ അടുത്ത സാമ്പത്തികവർഷം ലിസ്റ്റ് ചെയ്യാൻ കോൾ ഇന്ത്യ ബോർഡ് അനുമതി നൽകി. ഇതിനു പുറമെ ഈസ്റ്റേൺ കോൾഫീൽഡ്സ്, സെൻട്രൽ കോൾഫീൽഡ്സ്, വെസ്റ്റേൺ കോൾഫീൽഡ്സ്, നോർത്തേൺ കോൾഫീൽഡ്സ് എന്നീ കമ്പനികളും ഘട്ടം ഘട്ടമായി വിപണിയിലെത്തും.

കേന്ദ്ര സർക്കാരിന്റെ അസറ്റ് മോണിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായാണ് ഈ നടപടി. ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യുന്നതോടെ കമ്പനികൾ കൂടുതൽ നിക്ഷേപക സൗഹൃദമാകുമെന്നും പൊതുജനങ്ങളോടുള്ള ഉത്തരവാദിത്വം വർധിക്കുമെന്നും സർക്കാർ കരുതുന്നു. കൽക്കരി മേഖലയിൽ വലിയ തോതിലുള്ള മൂലധന നിക്ഷേപം ആകർഷിക്കാനും ഇതുവഴി സാധിക്കും.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

## യുപിഐ ഹെൽപ്പ് പോർട്ടൽ അവതരിപ്പിച്ച് എൽപിസിഐ

**മുംബൈ:** യുപിഐ വഴി നടത്തുന്ന ഓട്ടോമാറ്റിക് പണമിടപാടുകളിൽ ഉപഭോക്താക്കൾക്ക് കൂടുതൽ നിയന്ത്രണം നൽകുന്ന പുതിയ പരിഷ്കാരങ്ങളുമായി നാഷണൽ പേയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ. ഇകോമേഴ്സ് സൈറ്റുകളും സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളും ഉപഭോക്താക്കൾ അറിയാതെ വരിസംഖ്യകൾ ഈടാക്കുന്ന ഡാർക്ക് പാറ്റേൺ രീതികൾക്ക് തടയിടുകയാണ് ലക്ഷ്യം.

ഇതിന്റെ ഭാഗമായി എല്ലാ യുപിഐ ഓട്ടോപേ നിർദേശങ്ങളും ഒരിടത്ത് കാണാനും നിയന്ത്രിക്കാനും സാധിക്കുന്ന upihelp.npci.org.in എന്ന പുതിയ പോർട്ടലിന് എൻപിസിഐ തുടക്കം കുറിച്ചു. ഒക്ടോബർ ഏഴിന് പുറത്തിറക്കിയ സർക്കുലർ പ്രകാരം 2025 ഡിസംബർ 31നകം എല്ലാ യുപിഐ ആപ്പുകളും പുതിയ മാറ്റങ്ങൾ നടപ്പാക്കണം.

ഇതോടെ നിലവിൽ ഏതൊക്കെ ആപ്പുകളിൽ ഓട്ടോമാറ്റിക് പേയ്മെന്റ് നൽകിയിട്ടുണ്ടെന്ന് ഉപഭോക്താക്കൾക്ക് പുതിയ പോർട്ടലിലൂടെയോ ഏതെങ്കിലും ഒരു യുപിഐ ആപ്പിലെ മാനേജ് ബാങ്ക് അക്കൗണ്ട് സെക്ഷനിലൂടെയോ ഒറ്റനോട്ടത്തിൽ അറിയാം.

കൂടാതെ ഒരു യുപിഐ ആപ്പിൽ നൽകിയിട്ടുള്ള ഓട്ടോ പേ നിർദേശം മറ്റൊരു ആപ്പിലേക്കു മാറ്റാൻ ഇനി സാധിക്കും. ഉദാഹരണത്തിന്, ഫോൺപേയിൽ നൽകിയ സബ്സ്ക്രിപ്ഷൻ അതേപടി ഗൂഗിൾ പേയിലേക്കു മാറ്റാം. ഓട്ടോപേ സംബന്ധമായ പരാതികൾക്കും സഹായത്തിനുമായി എഐ അസിസ്റ്റന്റ് സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ഡിസംബർ 31 വരെ നിലവിലുള്ള ഓട്ടോപേ പേയ്മെന്റുകൾ തടസമില്ലാതെ തുടരുമെന്നും എൻപിസിഐ വ്യക്തമാക്കി

സൊസൈറ്റി ടുഡേ
SOCIETY TODAY



## സൽസംഗസമിതി പത്താം വാർഷികം ആഘോഷിച്ചു

**കൊച്ചി:** എളമക്കര ശ്രീശങ്കര സൽസംഗസമിതിയുടെ പത്താം വാർഷികാഘോഷവും കുടുംബ സംഗമവും ആഘോഷിച്ചു. പുന്നയ്ക്കൽ ക്ഷേത്രസമുച്ചയം ഹാളിൽ നടന്ന ആഘോഷം തിരുവിതാംകൂർകൊച്ചി ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് കെ. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ശ്രീശങ്കര സൽസംഗസമിതി പ്രസിഡന്റ് റിട്ട. കമാൻഡർ കെ.സി മോഹനൻ പിള്ള അധ്യക്ഷത വഹിച്ചു. പുസ്തക പ്രകാശനം, ശ്രീവിഷ്ണുസഹസ്രനാമ സമൂഹ ജപം, ധർമ്മ പ്രഭാഷണം, വിവിധ സംഘടനകളെ ആദരിക്കൽ, ഗുരുപ്രണാമം, കലാപരിപാടികൾ എന്നിവയും ആഘോഷത്തിന്റെ ഭാഗമായി നടന്നു. ജനറൽ സെക്രട്ടറി ആർ രാജേഷ്, ജനറൽ കൺവീനർ ഡോ. സ്മിത പിള്ള, പി കെ ശങ്കരനാരായണൻ, വി. അനിൽകുമാർ, പ്രൊഫ ഉഷ എസ്, ബി എം സനൽകുമാർ, ഡോ .വി മനോരഞ്ജിനി അമൃത വിദ്യാലയം പ്രിൻസിപ്പൽ, ആചാര്യ രുഗ്മിണി അന്തർജ്ജനം  തുടങ്ങിയവർ പ്രസംഗിച്ചു.

## കാബൂളിവാല 30ന് ചങ്ങമ്പുഴ പാർക്കിൽ

**കൊച്ചി:** ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രത്തിന്റെ ചിൽഡ്രൻസ് തിയേറ്റർ ഗ്രൂപ്പായ നാം അവതരിപ്പിക്കുന്ന കുട്ടികളുടെ നാടകം കാബൂളിവാല 30ന് ചങ്ങമ്പുഴ പാർക്കിൽ അരങ്ങിലെത്തും. വൈകീട്ട് 6.30ന് ചങ്ങമ്പുഴ മഹോത്സവത്തിന്റെ ഭാഗമായാണ് നാടകം അവതരിപ്പിക്കുന്നത്. കാബൂളിവാല എഴുതിയ രവീന്ദ്രനാഥ ടാഗോറും, അതിൽ പ്രചോദിതനായി  കാബൂളിവാല എന്ന കവിത രചിച്ച ഒഎൻവി കുറുപ്പും  കണ്ടുമുട്ടുന്നിടത്ത് നിന്നാണ് കാബൂളിവാല നാടകം തുടങ്ങുന്നത്.  സ്ഥലവും , കാലവും , അതിർത്തികളും, മരണവും ഭേദിച്ചു നിൽക്കുന്ന ദൃഢമായ മനുഷ്യ ബന്ധങ്ങളുടെ  കഥയാണ് കാബൂളിവാല പറയുന്നത്. 12 സ്കൂളിൽ നിന്നുള്ള ഇരുപത്തൊന്നു കുട്ടികളാണ് നാടകം അരങ്ങിലെത്തിക്കുന്നത്.   നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് ഷേർളി സോമസുന്ദരമാണ്.



## ഗോപികയ്ക്ക് ക്രിസ്തുമസ് സമ്മാനം: സ്വപ്നഭവന നിർമ്മാണത്തിനുള്ള ഭൂമി ആധാരം ചെയ്തു നൽകി

**നെടുമ്പാശ്ശേരി:** ജനസേവ ശിശുഭവൻ 2023 ൽ ഗോപികയ്ക്ക് നൽകിയ വാഗ്ദാനം പ്രാവർത്തികമാക്കി. നെടുമ്പാശ്ശേരി വില്ലേജിൽ ജനസേവ ശിശുഭവന്റെ ഭൂമിയിൽ നിന്ന് ഭവന നിർമ്മാണത്തിനായി 3 സെൻറ് സ്ഥലമാണ് പ്രസിഡന്റ് അഡ്വ. ചാർളി പോൾ ഗോപികയ്ക്ക് ആധാരം ചെയ്തു നൽകിയത്. 2016 ആരംഭിച്ച നിർധന ഭവനരഹിതർക്കായുള്ള ജനസേവ കാരുണ്യ ഭവൻ പദ്ധതി പ്രകാരമാണ് ഭൂമി നൽകിയത്. ഇരുപതോളം കുടുംബങ്ങൾക്ക് ജനസേവ ഇത്തരത്തിൽ ഭൂമി നൽകിയിട്ടുണ്ട്.2023 ലെ സംസ്ഥാന സ്കൂൾ കായികമേളയിൽ 3000 മീറ്ററിൽ സ്വർണ്ണം നേടിയ ഗോപികയുടെ ദിനപത്രങ്ങളിലെ വാർത്ത കണ്ട ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലിയാണ് ഗോപികയ്ക്ക് ഭവന നിർമ്മാണത്തിന് സ്ഥലം സൗജന്യമായി നൽകാമെന്ന് വാക്കുകൊടുത്തത്. അന്ന് ഗോപികയ്ക്ക് 16 വയസ്സ്. രണ്ടുവർഷം കാത്തിരുന്ന മൂന്ന് സഹോദരങ്ങൾ അടങ്ങിയ ഗോപികയുടെ കുടുംബത്തിന് ഇരട്ടിമധുരമായി ലഭിച്ച ക്രിസ്മസ് സമ്മാനമാണിത്. 2022ൽ അമ്മ മരിച്ച ഗോപിക കുട്ടമ്പുഴ ഉറിയംപെട്ടി ആദിവാസി കോളനിയിൽ അച്ഛനോടൊപ്പമാണ് കഴിഞ്ഞിരുന്നത്. ഗോപിക ഇപ്പോൾ കോതമംഗലം എം. എ. കോളേജിലെ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥിനിയാണ്. കോളേജിലെ സ്പോർട്സ് ഹോസ്റ്റലിൽ താമസിക്കുന്ന ഗോപിക പി ടി ഉഷ എന്ന സ്വപ്ന താരത്തെ പോലെ ആകുവാനുള്ള കഠിന പരിശ്രമത്തിലാണ്.



# കൊച്ചിമുസിരിസ് ബിനാലെ 2025: ആസ്വാദകരെ ചിന്തിപ്പിക്കുന്ന ഇൻവിറ്റേഷൻസ്

**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയ്ക്കൊപ്പം കൊച്ചി ബിനാലെ ഫൗണ്ടേഷൻ അവതരിപ്പിക്കുന്ന പ്രത്യേക പ്രദർശന പരമ്പരയായ ഇൻവിറ്റേഷൻസ് ആസ്വാദക ശ്രദ്ധയാകർഷിക്കുന്നു. മട്ടാഞ്ചേരിയിലെയും ഫോർട്ട് കൊച്ചിയിലെയും ആറ് പ്രധാന വേദികളിലായി നടക്കുന്ന പ്രദർശനങ്ങൾ കാണാൻ നിരവധി കലാപ്രേമികളാണ് എത്തുന്നത്. ലോകത്തെ പൊതുബോധത്തെ സ്വാധീനിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന വിവിധ സമകാലീന കലാസ്ഥാപനങ്ങളെയും കൂട്ടായ്മകളെയും ആദരിക്കുന്നതിനായി 2022ലാണ് ഇൻവിറ്റേഷൻസ് ആരംഭിച്ചത്. ഇന്ത്യ, ശ്രീലങ്ക, ഇന്തോനേഷ്യ, കെനിയ, ബ്രസീൽ, പലസ്തീൻ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, പാനമ എന്നിവിടങ്ങളിൽ നിന്നുള്ള പത്തോളം കലാ സ്ഥാപനങ്ങളാണ് തങ്ങളുടെ സൃഷ്ടികൾ പ്രദർശിപ്പിച്ചിരിക്കുന്നത്. ഇതിനുപുറമെ ഹെയ്തിയിൽ നിന്നുള്ള കലാകാരന്മാരുടെ കൂട്ടായ്മയായ 'ഗെറ്റോ ബിനാലെ അറ്റിസ് റെസിസ്റ്റൻസ്' 2026 ഫെബ്രുവരിയിൽ ഫോർട്ട് കൊച്ചി സെന്റ് ആൻഡ്രൂസ് പാരിഷ് ഹാളിൽ തങ്ങളുടെ പ്രകടനകലാപ്രദർശനം സംഘടിപ്പിക്കും. മട്ടാഞ്ചേരി ചേംബർ റോഡിലെ ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സിൽ നടക്കുന്ന 'ട്രിലോജി ഓഫ് എൻവയോൺമെന്റൽ ട്രയൽസ്' എന്ന പ്രദർശനം പരിസ്ഥിതി പ്രശ്നങ്ങളിലെ കലയും നിയമസങ്കീർണതകളുമായി ബന്ധപ്പെടുത്തിയുള്ളതാണ്. അഭിഭാഷകരായ ആനന്ദ് ഗ്രോവർ, ഹരീഷ് മെഹ്ല എന്നിവരുടെ സഹകരണത്തോടെ കോടതി നടപടികളുടെ മാതൃകയിലാണ് ഇത് ഒരുക്കിയിരിക്കുന്നത്.

ഇതിന് അടുത്തുതന്നെയുള്ള പഴയന്നൂർ ഭഗവതി ക്ഷേത്രത്തിലെ ഊട്ടുപുരയിൽ അഹമ്മദാബാദിൽ നിന്നുള്ള കോൺഫ്ലിക്റ്റോറിയം എന്ന മ്യൂസിയത്തിന്റെ പ്രദർശനം നടക്കുന്നുണ്ട്. ശ്രദ്ധിക്കപ്പെടാതെ പോയ ചരിത്രങ്ങളെയും ശബ്ദങ്ങളെയും വെളിച്ചത്തുകൊണ്ടുവരുന്ന ലിബറേറ്റഡ് സോൺ എന്ന കലാപ്രതിഷ്ഠയാണ് ഇവിടെയുള്ളത്. മട്ടാഞ്ചേരി ബസാർ റോഡിലെ ദേവസ്സി ജോസ് ആന്റ് സൺസിൽ വൈവിധ്യമാർന്ന നാല് പ്രോജക്ടുകളാണ് നടക്കുന്നത്.

ശ്രീലങ്കൻ കൂട്ടായ്മയായ ദി പാക്കറ്റ് അവതരിപ്പിക്കുന്ന ഡോട്ട് മാട്രിക്സ് പ്രിന്ററിലൂടെ പുറത്തുവരുന്ന പേപ്പറുകൾ കാണികളിൽ കൗതുകമുണർത്തും. ബ്രസീലിയൻ കലാകാരനായ അർമാൻഡോ ക്വിറോസിന്റെ വീഡിയോ പ്രദർശനത്തിന്റെ പ്രമേയം സ്വർണ്ണം തേടിപ്പോകുന്ന മനുഷ്യരുടെ അവസ്ഥ ചിത്രീകരിക്കുന്നു. ഇന്തോനേഷ്യയിൽ നിന്നുള്ള റൂങ്രൂപ കൂട്ടായ്മയുടെ മീഡിയ ആർട്ട് പ്രദർശനവും പലസ്തീനിൽ നിന്നുള്ള ദാർ യൂസഫ് നസ്രി ജാസിർ എന്ന സ്ഥാപനത്തിന്റെ ഹൃദയസ്പർശിയായ സൃഷ്ടികളും ഇവിടെ കാണാം. പലസ്തീൻ കലാകാരിയായ എമിലി ജാസിറിന്റെ ചിത്രങ്ങളും ശബ്ദരേഖകളും മനുഷ്യരുടെ പലായനത്തെയും അതിജീവനത്തെയും കുറിച്ച്  ദേവസ്സി ജോസ് ആന്റ് സൺസ് വേദിയിൽ കടലിന് അഭിമുഖമായുള്ള മുറിയിൽ ബ്രസീലിലെ ആമസോണിൽ നിന്നുള്ള ബിനാലെ ദാസ് ആമസോണിയാസ് എന്ന സ്ഥാപനം ഒരുക്കിയ ഇന്നർ സ്ട്രെങ്ത് എന്ന പ്രദർശനം കാണാം. ഇന്ത്യയിൽ നിന്ന് ബ്രസീലിലെത്തിയ മാവിനെ പ്രതീകമാക്കിയാണ് ഈ കലാപ്രതിഷ്ഠ. മട്ടാഞ്ചേരിയിലെ സിമി വെയർഹൗസിൽ ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ നിന്നുള്ള ആലീസ് യാർഡ് എന്ന കൂട്ടായ്മയും പാനമയിലെ മോഡേൺ ആർട്ട് മ്യൂസിയവും തങ്ങളുടെ സവിശേഷമായ സൃഷ്ടികൾ പ്രദർശിപ്പിച്ചിരിക്കുന്നു.

ഫോർട്ട് കൊച്ചി ഡേവിഡ് ഹാളിൽ നെയ്റോബി കണ്ടെംപററി ആർട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഒരുക്കിയ പ്രദർശനത്തിൽ കരികൊണ്ട് വരച്ച കെനിയയിലെയും കൊച്ചിയിലെയും മനുഷ്യരുടെ ചിത്രങ്ങൾ കാണാം.

ഫോർട്ട് കൊച്ചിയിലെ സ്വാതന്ത്ര്യ സമര ജയിലിൽ അൽകാസി തിയേറ്റർ ആർക്കൈവ്സ് ഒരുക്കിയ ഇന്ത്യൻ നാടക ചരിത്രത്തെക്കുറിച്ചുള്ള അപൂർവ്വമായ ശേഖരങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പത്തിലധികം രാജ്യങ്ങളിലെ സംസ്കാരങ്ങളെയും ചരിത്രങ്ങളെയും ഒരേസമയം അനുഭവിച്ചറിയാൻ സാധിക്കുന്നതാണ് ഇൻവിറ്റേഷൻസ് പ്രദർശനങ്ങൾ.

# ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ്  കൊടിയിറങ്ങി

**കോഴിക്കോട്:** ജല, കായിക, സാഹസിക മത്സരങ്ങളുടെ മാമാങ്കമായ ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ അഞ്ചിന് സമാപനം. മൂന്നു ദിവസമായി കരയിലും കടലിലും ആകാശത്തും ആവേശത്തിന്റെ അലയൊലികൾ തീർത്ത ഫെസ്റ്റിൽ പങ്കെടുക്കാനും പ്രിയപ്പെട്ടവരുടെ കലാപ്രകടനങ്ങൾ കാണാനും ആസ്വദിക്കാനുമായി ബേപ്പൂരിന്റെ മണ്ണിലേക്ക് കോഴിക്കോട് നിന്നും സമീപ ജില്ലകളിൽ നിന്നുമായി ആയിരങ്ങളാണ് ഒഴുകിയെത്തിയത്. ക്രിസ്തുമസ് അവധിക്കാലത്ത് വന്നെത്തിയ ഫെസ്റ്റ് ആഘോഷമാക്കാൻ കുടുംബസമേതമാണ് മിക്കവരും എത്തിയത്. ജല സാഹസിക പ്രകടനങ്ങളും മത്സരങ്ങളും ജനപങ്കാളിത്തം കൊണ്ടും സംഘാടക മികവുകൊണ്ടും ശ്രദ്ധേയമായി. ആവേശത്തിന്റെയും ഒത്തൊരുമയുടെയും ഉത്സവം കൊടിയിറങ്ങുമ്പോൾ ഇനിയുള്ള കാത്തിരിപ്പ് അടുത്ത ഫെസ്റ്റിനായി.

മെഗാ ഇവന്റുകൾക്ക് പകരം ഇത്തവണ പ്രാദേശിക കലാകാരരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും റെസിഡന്റ്സ് അസോസിയേഷനുകളുടെയും കലാപരിപാടികളും

മത്സരങ്ങളും സംഘടിപ്പിച്ചതിലൂടെ പ്രദേശിക പങ്കാളിത്തം ഉറപ്പാക്കാനായത് ഫെസ്റ്റിന് പ്രാദേശിക ഉത്സവ പ്രതീതി നൽകി. ബേപ്പൂർ മറീന, ഓഷ്യാനസ് ചാലിയം, നല്ലൂർ, രാമനാട്ടുകര ഗവൺമെന്റ് എ.യു.പി സ്കൂൾ, ഫറോക്ക് വി പാർക്ക്, നല്ലളം വി പാർക്ക്, നല്ലളം അബ്ദുറഹ്മാൻ പാർക്ക് വേദികളിലാണ് കലാപരിപാടികളും സാംസ്ക്കാരിക പരിപാടികളും സംഘടിപ്പിച്ചത്. പരിപാടികൾക്കിടെ വിവധ വേദികളിലെത്തി ടൂറിസം പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് വ്യത്യസ്ത മേഖലയിലുള്ളവരെ ആദരിച്ചു.

തിരക്ക് നിയന്ത്രിക്കാനും വേദിയിലേക്കെത്തുന്നവരുടെ സുരക്ഷ ഉറപ്പാക്കാനുമായി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ 700 പോലീസുകാരെയാണ് വിന്യസിച്ചത്.

# മുട്ടയ്ക്കും ഇറച്ചിക്കും അത്യുത്തമം, നേക്കഡ് നെക്ക് കോഴി വളർത്താം

കോഴിവളർത്തൽ മനുഷ്യരുടെ ദൈനംദിന ജീവിതവുമായി ഏറ്റവുമടുത്തു ബന്ധപ്പെടുന്ന ഒരു കൃഷി മേഖലയാണ്. ഒട്ടേറെ കോഴിയിനങ്ങളിൽ നേക്കഡ് നെക്ക് എന്നറിയപ്പെടുന്ന ഇനം അതിന്റെ വ്യത്യസ്തമായ രൂപഭാവംകാരണം പ്രത്യേകം ശ്രദ്ധേയമാണ്. കഴുത്തിന്റെ ഭാഗത്ത് തൂവലുകൾ ഇല്ലാത്തതുകൊണ്ട് ഇവയ്ക്ക് ടർക്കി നെക്ക്, ട്രാൻസിൽവേനിയൻ കോഴി എന്നീ പേരുകളുമുണ്ട്. ഇവയുടെ ഉദ്ഭവം വ്യക്തമല്ല.

ജർമനിയും റൊമാനിയയും ഇവയുടെ മുഖ്യ ഉദ്ഭവകേന്ദ്രങ്ങളായി കണക്കാക്കുന്നു. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ വ്യാപകമായി ഇവയെ വളർത്തുന്നുണ്ട്. കേരളത്തിലെ ചൂടുള്ള കാലാവസ്ഥയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന വിദേശ കോഴിയിനങ്ങളിൽ ഒന്നാണിത്.

ചൂടും ഈർപ്പവും കൂടുതലുള്ള വേനൽക്കാലത്തുപോലും ഈയിനം രോഗ ഭീതിയില്ലാതെ വളരുന്നതിനാൽ ചെറുകിട, ഇടത്തരം, വൻകിട കർഷകർക്ക് ഏറെ പ്രിയപ്പെട്ട ഇനമാണിത്. രൂപഭാവത്തിൽ വ്യത്യസ്തമാണെങ്കിലും വേഗത്തിലുള്ള വളർച്ച, മുട്ട, മാംസം എന്നിവയിലൂടെ ഇരട്ട ഉത്പാദനശേഷി, കുറഞ്ഞ രോഗസാധ്യത എന്നിവകാരണം ആവശ്യക്കാർ ഏറെയാണ്.

മാംസളമായ ശരീരമുള്ളതിനാൽ മാംസോത്പാദനത്തിന് നല്ലതാണ്. ഇവ വളരെ നല്ല തീറ്റ തേടുന്നവയാണ്, മിക്ക രോഗങ്ങൾക്കും പ്രതിരോധശേഷി ഉള്ളവയുമാണ്. തൂവലുകൾ ഇല്ലെങ്കിലും തണുപ്പിനെ പ്രതിരോധിക്കും. നേക്കഡ് നെക്ക് കോഴികൾക്ക് ഒരൊറ്റ ചീപ്പ് മാത്രമേയുള്ളൂ. കൂടാതെ വർധിച്ച സൂര്യപ്രകാശം കാരണം കഴുത്തും തലയും പലപ്പോഴും വളരെ കടുംചുവപ്പായി മാറുന്നു. മറ്റ് കോഴികളുടേതിന്റെ പകുതിയോളം തൂവലുകളേ ഈയിനത്തിനുള്ളു. ഇത് ചൂടുള്ള കാലാവസ്ഥയെ പ്രതിരോധിക്കുന്നു.

തൂവലുകളുടെ അഭാവമാണ് ഇതിന്റെ പ്രത്യേകത. സാധാരണ കോഴിയുമായി താരതമ്യം ചെയ്യുമ്പോൾ ശരീരതൂവലിന്റെ 30–40 ശതമാനം വരെ ഇവയ്ക്കില്ല. ഇത് മറ്റിനങ്ങളിൽനിന്ന് ശാസ്ത്രീയമായും കാഴ്ചയിലും വ്യത്യസ്തമാക്കുന്നു. കഴുത്തിന്റെ ഭാഗത്ത് തൂവലുകൾ ഇല്ലാത്തതിനാൽ പുറത്തുനിന്ന് ചുവന്ന വർണമുള്ള ത്വക്ക് കാണപ്പെടുന്നു. ഈ നേക്കഡ് നെക്ക് ഒരു ജനിതക സവിശേഷതയാണ്. മാതാപിതാക്കളിൽനിന്ന് സന്തതിയിലേക്ക് പകരുന്ന വംശപരമ്പരാഗത സ്വഭാവഗുണങ്ങളുള്ള ഘടകമാണിത്. 'നഗ്ന നെക്ക്' ഒരു രോഗമല്ല, മറിച്ച് വംശപരമ്പരാഗത ഗുണംമാത്രമാണ്. ചൂട് പുറന്തള്ളൽ എളുപ്പമാകുന്നതിനാൽ ചൂട് പ്രതിരോധശേഷി വളരെക്കൂടുതലാണ്.

ശരീരവും ചിറകുകളും സാധാരണ കോഴിയിലേതുപോലെത്തന്നെയാണ്. പിൻഭാഗത്തും ചിറകുകളിലും തൂവലുകൾ കാണുന്നു. പൂവൻകോഴികൾ വലുതും ശക്തവുമാണ്. പൂവന് 3.5– 4 കിലോഗ്രാമും പിടയ്ക്ക് 2.5– 3 കിലോഗ്രാം തൂക്കവും ഉണ്ടാകും. കറുപ്പ്, വെളുപ്പ്, ചുവപ്പ്, തവിട്ട് വരയോടുകൂടിയ നിറങ്ങളിൽ കാണുന്നു. ചർമത്തിന്റെ നിറം മഞ്ഞയാണ്. മുട്ട ഇളംതവിട്ട് നിറമാണ്. തൂവൽ വളരെ മൃദുവായതാണ്. ചില പ്രാദേശിക ഇനങ്ങളുമായി ചേർത്ത് വളർത്തുമ്പോൾ കൂടുതൽ നിറവ്യത്യാസങ്ങളിൽ കാണുന്നു.

ഷെഡുകളിലോ തുറന്നസ്ഥലങ്ങളിൽ നിയന്ത്രിച്ചോ വളർത്താം. നിലം നനവില്ലാത്തതും ശുചിത്വമുള്ളതും നന്നായി വായു കടന്നു വരുന്ന രീതിയിലും സൂക്ഷിക്കണം. ഓരോ പക്ഷിക്കും 2–3 ചതുരശ്രയടി സ്ഥലം അനുവദിക്കണം. തുറന്ന് വളർത്തുകയാണെങ്കിൽ 8–10 ചതുരശ്രയടിയും വേണം.



ഓരോ 3–4 പെൺ കോഴികൾക്കും ഒരു നെസ്റ്റിങ് ബോക്സ് നൽകണം. നല്ല വായുസഞ്ചാരവും ശരിയായ വെളിച്ചവും നൽകണം. ആരോഗ്യനില സ്ഥിരമായി പരിശോധിക്കണം.

പൂവൻ കോഴികൾ 24– 28 ആഴ്ചയിൽ പക്വത കൈവരിക്കുന്നു. പിടകൾ 18–20 ആഴ്ചകളിൽ പ്രായപൂർത്തിയാകും. 25– 30 ആഴ്ചയിൽ മുട്ട ഉത്പാദനം പരമാവധിയിലെത്തുന്നു. പക്ഷികളെ സൗമ്യമായി കൈകാര്യം ചെയ്യണം. നേക്കഡ് നെക്ക് സവിശേഷത വ്യക്തമായി കാണിക്കുന്ന പക്ഷികളെവേണം പ്രജനനത്തിനായി തിരഞ്ഞെടുക്കേണ്ടത്. മുട്ടയുത്പാദനം, ഇറച്ചി ഗുണനിലവാരം, സ്വഭാവം എന്നിവ മുൻനിർത്തി പ്രജനനം നടത്തണം. ജനിതകവൈവിധ്യം നിലനിർത്താൻ അടുത്ത ബന്ധത്തിലുള്ള പ്രജനനം (ഇൻബ്രീഡിങ്) ഒഴിവാക്കണം.

മുട്ടയുടെയും മാംസത്തിന്റെയും ഇരട്ടപ്രയോജനത്തിനായി ഇവയെ വളർത്താം. വർഷത്തിൽ ശരാശരി 150– 200 മുട്ടകൾ ലഭിക്കുന്നു. മുട്ടയുടെ മഞ്ഞ വലുപ്പംകൂടിയതിനാൽ പോഷകമൂല്യം ഉയർന്നതായി കണക്കാക്കപ്പെടുന്നു. ചൂട് കാലാവസ്ഥയിൽപ്പോലും മുട്ടയിടൽ കുറവ് സംഭവിക്കാത്തത് പ്രധാന സവിശേഷതയാണ്. വളർച്ച ത്വരഗതിയിലായതുകൊണ്ട് മാംസോത്പാദനം കൂടുതലാണ്. 3–4 മാസത്തിനുള്ളിൽ വിൽപ്പനയ്ക്കായുള്ള ഭാരത്തിലെത്തും. തൂവലുകൾ കുറവായതിനാൽ ശുചീകരണം എളുപ്പമാണ്. മാംസത്തിന് രുചിയും കൂടുതലാണ്. ഇവയുടെ ആയുസ്സ് 5 – 7 വർഷമാണ്.

ശാന്തവും ലളിതവുമായ സ്വഭാവമുള്ള കോഴികളാണ്. മനുഷ്യരെ എളുപ്പം സമീപിക്കാൻ തയ്യാറാകുന്ന 'ഫ്രണ്ട്‌ലി ബ്രീഡ്' ആണ്. മറ്റിനങ്ങളുമായിച്ചേർന്ന് വളർത്തിയാലും ആക്രോശം കാണിക്കാൻ സാധ്യത കുറവാണ്. കുട്ടികൾക്കും സ്ത്രീകൾക്കും കൈകാര്യം ചെയ്യാൻ സുരക്ഷിതമായ ഇനമാണ്. ആഹാര കാര്യക്ഷമത വളരെയധികമുണ്ട്. കുറഞ്ഞ രോഗസാധ്യതയും പരിപാലനവും എളുപ്പവുമാണ്. ചൂട് സ്ഥലങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഇനമാണ്. പ്രത്യേക ജനിതക സവിശേഷതകൾ ഇവയുടെ രുചിയിലും ഗുണനിലവാരത്തിലും പ്രത്യേകത നൽകുന്നു. രൂപഭാവംകൊണ്ട് ചിലർക്ക് 'ആകർഷണം' കുറവാണെന്ന് തോന്നാം. അതേപോലെ തണുത്ത കാലാവസ്ഥയിൽ അധിക സംരക്ഷണം ആവശ്യമായി വന്നേക്കാം. ചിലപ്പോൾ കഴുത്തിൽ ത്വക്ക് പൊട്ടൽ, ചുവപ്പ് എന്നിവയും കണ്ടേക്കാം.

കേരളം പോലെയുള്ള ചൂടും ഈർപ്പവും കൂടുതലുള്ള സംസ്ഥാനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ കോഴിയിനങ്ങളിൽ ഒന്നാണിത്. തണുത്ത പ്രദേശങ്ങളിൽ മാത്രമേ അധികസംരക്ഷണം ആവശ്യമുള്ളു. സാധാരണ കോഴികൾക്ക് നൽകുന്ന തീറ്റതന്നെ ഇവയ്ക്കും മതിയാകും. 16-18 ശതമാനം പ്രോട്ടീനുള്ള ലെയേഴ്സ് ഫീഡ്, വളർച്ചയ്ക്കും മുട്ടയുത്പാദനത്തിനും അനുയോജ്യമാണ്. ഓട്സ്, ഗോതമ്പ്, ചോളം പോലുള്ള ധാന്യങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ എന്നിവ ഇടയ്ക്കിടെ സപ്ലിമെന്റുകളായി നൽകാം. ശുദ്ധജലം നിർബന്ധമായി എല്ലായ്പ്പോഴും നൽകണം. കാൽസ്യം ഉറവിടങ്ങളായ ചുണ്ണാമ്പുകല്ല്, ഓയ്സ്റ്റർ ഷെൽ തുടങ്ങിയവയും നൽകണം.

ഉയർന്ന പ്രതിരോധശക്തി ഉണ്ട്. തൂവലുകൾ കുറവായതിനാൽ പേൻ, ചെള്ള്, പുഴുക്കൾ എന്നിവയുടെ പ്രശ്നങ്ങൾ വളരെ കുറവാണ്. എന്നിരുന്നാലും ഇവയുടെ നിയന്ത്രണം ഏറ്റെടുക്കണം. ത്വക്ക് ഭാഗം തുറന്നു കിടക്കുന്നതിനാൽ ചിലപ്പോൾ സൺബേൺ ഉണ്ടാകാം, കേരളത്തിൽ ഇത് അപൂർവമാണ്.

സ്ഥിരം വാക്സിനേഷൻ, പരാദ നിയന്ത്രണം, ആരോഗ്യ പരിശോധന എന്നിവയിൽ ശ്രദ്ധിക്കണം. സാധാരണ കോഴി രോഗങ്ങൾക്കെതിരായ വാക്സിനേഷൻ, അസുഖലക്ഷണങ്ങളും സമ്മർദവും നിരീക്ഷിക്കൽ എന്നിവ ഉണ്ടാകണം.

# രക്തചന്ദന കൃഷിക്ക് ഉയർന്ന ഡിമാൻഡ്

ദക്ഷിണേന്ത്യയിൽ വിശേഷിച്ചും ആന്ധ്രയിലും കടപ്പയിലും സമീപപ്രദേശങ്ങളിലും ധാരാളം വളരുകയും കൃഷി ചെയ്യുകയും ചെയ്യുന്ന ഔഷധസസ്യമാണ് രക്തചന്ദനം. കേരളത്തിലും ഇത് നന്നായി വളരും. ഫാബേസി എന്ന സസ്യകുടുംബത്തിലെ അംഗമായ രക്തചന്ദനത്തിന്റെ ശാസ്ത്രീയനാമം ടീറോകാർപ്പസ് സാന്റലൈനഡ് എന്നാണ്. ആയുർവേദത്തിൽ ഇതിനെ രക്തചന്ദനം, രക്തസാരം, ക്ഷുദ്രചന്ദനം, ഹരിചന്ദനം എന്നീ പേരുകളിൽ പരാമർശിച്ചിരിക്കുന്നു.

ചെറിയ വൃക്ഷമായി വളരുന്ന ഇതിന്റെ തൊലി ആഴത്തിൽ വെടിച്ചുകീറിയതായി കാണാം. ഇതിന്റെ കാതലാണ് ഔഷധയോഗ്യമായിട്ടുള്ളത്. രക്തപിത്ത രോഗങ്ങൾക്ക് ശമനമുണ്ടാക്കാനും വിഷം, ജ്വരം, വ്രണം, നേത്രരോഗങ്ങൾ, പ്രമേഹം ഇവയെ ശമിപ്പിക്കുന്നു. ശ്വാസകോശത്തിന്റെ സങ്കോച വികാസ ക്ഷമത വർധിപ്പിക്കും. ചർമ്മത്തിന്റെ ആരോഗ്യവും കാന്തിയും വർധിപ്പിക്കാനും ഇതിന് സവിശേഷമായ കഴിവുണ്ട്.



ഇതിലെ രാസഘടകങ്ങളിൽ സന്റാലിൻ എ, ബി എന്നീ ചുവന്ന നിറം നൽകുന്ന ഘടകങ്ങൾ ഉണ്ട്. കൂടാതെ ടർപ്പനോയ്ഡ്സ്, ഫ്ളാവനോയ്ഡ്സ്, ടാനിൻ, ഫിനോളിക് സംയുക്തങ്ങൾ, സാപോനിൻ, ഗ്ലൈക്കോസൈഡ്, സ്റ്റിറോയ്ഡ്സും അടങ്ങിയിരിക്കുന്നു. ഇവയെല്ലാം തന്നെ ആന്റി ഓക്സിഡൻസ്, ആന്റി ഇൻഫ്ലമേറ്ററി ധർമ്മങ്ങൾ നിർവഹിക്കുന്നതുകാണ്ട് രോഗശമനത്തിനും സഹായിക്കുന്നു. ഗുളുച്യാദി കഷായം, മഹാരാസ്നാദി കഷായം, അസനാദി കഷായം, സഹചരാദിതൈലം, കുങ്കുമാദി തൈലം, ഇവയെല്ലാം രക്തചന്ദനം അടങ്ങിയിട്ടുള്ള ചില ഔഷധയോഗങ്ങളാണ്.

ഇതിന്റെ വളർച്ചാചക്രം 20 25 വർഷങ്ങൾ വരെയാണ്. നന്നായി പരിപാലിക്കപ്പെട്ട രക്തചന്ദന മരങ്ങൾക്ക് കാതലിനുള്ള ഉയർന്ന വില കാരണം നല്ല ഡിമാൻഡുണ്ട്. നല്ല നീർവാർച്ചയുള്ള മണ്ണുള്ള ചൂടുള്ള ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ഇത് നന്നായി വളരുന്നു. വിത്തുകൾ വഴിയോ, ടിഷ്യൂകൾച്ചർ വഴിയോ പ്രജനനം നടത്താം. നട്ട് പ്രാരംഭഘട്ടത്തിൽ പതിവായി നനവ് ആവശ്യമാണ്. വേരുകളിലെ രോഗങ്ങൾ തടയാൻ അമിത നന ഒഴിവാക്കണം. വലിയ പരിചരണം ആവശ്യമില്ലാത്ത ഈ വൃക്ഷത്തിന്റെ ചുവട്ടിൽ പുതയിടുന്നത് ഈർപ്പം നിലനിർത്താനും കളകളെ നിയന്ത്രിക്കാനും സഹായിക്കും.

ഇതൊരു സംരക്ഷിത വൃക്ഷമായത് കൊണ്ട് ഇതിന്റെ കൃഷി ആവശ്യത്തിനുള്ള നടീലും വിളവെടുക്കലും സംസ്ഥാന വനം വകുപ്പുമായോ കേന്ദ്രസർക്കാരുമോയോ ബന്ധപ്പെട്ടിട്ട് മാത്രമാകണം ചെയ്യേണ്ടത്. ഔഷധാവശ്യങ്ങൾക്ക് പുറമേ അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നതിനും രക്തചന്ദനം ഉപയോഗിക്കാറുണ്ട്.

കാതലിന് മൂപ്പ് കൂടുന്നതനുസരിച്ച് വിലയും കൂടാറുണ്ട്. നല്ല കാതലിന് കിലോയ്ക്ക് 15000 മുതൽ 20000 വരെ വില ലഭിക്കാറുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കണ്ണൂർ പൈതൃകോത്സവം ജനുവരി ഒന്നു മുതൽ ആറ് വരെ

**കണ്ണൂർ:** കേരള പുരാവസ്തു പുരാരേഖാ മ്യൂസിയം വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കണ്ണൂർ പൈതൃകോത്സവം ജനുവരി ഒന്ന് മുതൽ ആറ് വരെ നടക്കും. കണ്ണൂർ നഗരത്തിലും സമീപ പ്രദേശങ്ങളായ മുണ്ടേരി, അറക്കൽ, ബർണ്ണശ്ശേരി എന്നിവിടങ്ങളിലുമാണ് പൈതൃകോത്സവം അരങ്ങേറുന്നത്.

കണ്ണൂരിന്റെ ചരിത്ര സാംസ്കാരിക പൈതൃകത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം രൂപീകരിക്കുക, പൈതൃക സംരക്ഷണത്തിന്റെ ആവശ്യകത എത്തിക്കുക എന്നീ ഉദ്ദേശത്തോടെയാണ് പൈതൃകോത്സവം സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രഭാഷണങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, കലാവതരണങ്ങൾ, പൈതൃക പദയാത്ര എന്നിവ സംഘടിപ്പിക്കും.

കലക്ട്രേറ്റ് മൈതാനത്ത് ഒരുക്കുന്ന പ്രധാന വേദിയിൽ ജനുവരി നാലിന് വൈകീട്ട് അഞ്ച് മണിക്ക് നടക്കുന്ന ഉദ്ഘാടന സമ്മേളനം രജിസ്ട്രേഷൻ പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. തുടർന്ന് ആറങ്ങോട്ടുകര വയലി ബാംബൂ ബാന്റ് അവതരിപ്പിക്കുന്ന ബാംബൂ സംഗീതം അരങ്ങേറും.

ജനുവരി അഞ്ചിന് വൈകീട്ട് അഞ്ച് മണിക്ക് പ്രഭാഷണവും തുടർന്ന് രശ്മി സതീഷും സംഘവും നയിക്കുന്ന സംഗീത നിശയും വേദിയിൽ നടക്കും. ജനുവരി ആറിന് വൈകീട്ട് അഞ്ച് മണിക്ക് 'പൈതൃകങ്ങൾ: മാറുന്ന സാംസ്കാരിക സാഹചര്യത്തിൽ' എന്ന വിഷയത്തിൽ ഡോ. കെ.എം അനിൽ പ്രഭാഷണം നടത്തും. തുടർന്ന് മട്ടന്നൂർ ശങ്കരൻകുട്ടി മാരാരും പ്രകാശ് ഉള്ളിയേരിയും ചേർന്ന് അവതരിപ്പിക്കുന്ന ജുഗൽബന്ധി അരങ്ങേറും.

ജനുവരി നാല് മുതൽ ആറ് വരെ ഗാന്ധിജിയുടെ ജീവിതം പ്രമേയമാകുന്ന പ്രത്യേക പ്രദർശനവും മൂന്നു വകുപ്പുകളുടെ നേതൃത്വത്തിലുള്ള പൈതൃക പ്രദർശനവും മഹാത്മാ മന്ദിരത്തിൽ നടക്കും.

പൈതൃകോത്സവത്തിന്റെ ഭാഗമായി മുണ്ടേരി, അറക്കൽ, ബർണ്ണശ്ശേരി എന്നിവിടങ്ങളിൽ ജനുവരി ഒന്ന് മുതൽ മൂന്ന് വരെ വിവിധ പരിപാടികൾ നടക്കും. ജനുവരി ഒന്നിന് വൈകീട്ട് അഞ്ച് മണിക്ക് മുണ്ടേരി കാഞ്ഞിരോട് മുദ്ര ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ ആർ. എൽ. വി. രാമകൃഷ്ണൻ സോദാഹരണ പ്രഭാഷണം നടത്തും. തുടർന്ന് പുഷ്പവതി അവതരിപ്പിക്കുന്ന സംഗീതനിശ അരങ്ങേറും.

കണ്ണൂരിന്റെ പ്രാദേശിക ചരിത്രം വിഷയമാക്കിയുള്ള ഏകദിന സെമിനാർ ജനുവരി രണ്ടിന് രാവിലെ പത്ത് മണിക്ക് സി.എസ്.ഐ ഇംഗ്ലീഷ് ചർച്ചിൽ നടക്കും. രജിസ്ട്രേഷൻ പുരാവസ്തു പുരാരേഖ മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സെമിനാർ ഉദ്ഘാടനം ചെയ്യും. ഡോ. മാളവിക ബിന്നി മുഖ്യപ്രഭാഷണം നടത്തും. ഡോ. എം.ടി നാരായണൻ, ഡോ. വിനോയ് ജോസഫ്, ഡോ. കെ.പി രാജേഷ് എന്നിവർ സെമിനാറിൽ പങ്കെടുക്കും. വൈകീട്ട് താവക്കര കണ്ടോൺമെന്റ് മൈതാനത്തിൽ നടക്കുന്ന പൊതുപരിപാടിയിൽ ഡോ.പി.ജെ വിൻസെന്റ് മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് ഏകതാളം ഒരുക്കുന്ന മെഗാ മ്യൂസിക്കൽ ഫ്യൂഷൻ അരങ്ങേറും.

ജനുവരി മൂന്നിന് വൈകുന്നേരം അഞ്ച് മണിക്ക് ഗവ. സിറ്റി ഹയർസെക്കൻഡറി സ്കൂളിൽ നടക്കുന്ന പരിപാടിയിൽ ഡോ. ജിസ ജോസ് മുഖ്യപ്രഭാഷണം നടത്തും. അറക്കൽ രാജവംശത്തിന്റെ ചരിത്രത്തെ മുൻനിർത്തി ഡോ. കെ മുഹമ്മദ് സിറാജുദ്ദീൻ സംസാരിക്കും. തുടർന്ന് അനിതാ ഷെയ്ഖ് നയിക്കുന്ന സൂഫി സംഗീതരാവ് അരങ്ങേറും.

പൈതൃകോത്സവത്തിന്റെ ഭാഗമായി അറക്കൽ കെട്ട്, സി.എസ്.ഐ ഇംഗ്ലീഷ് ചർച്ച്, പയ്യാമ്പലം, മുരിക്കഞ്ചേരി കേളു സ്മാരകം, കണ്ണൂർ കോട്ട എന്നീ ചരിത്രസ്മാരകങ്ങൾ കോർത്തിണക്കി പൈതൃക പദയാത്രയും സംഘടിപ്പിക്കും.

കണ്ണൂർ പൈതൃകോത്സവത്തിന്റെ ഭാഗമായി നടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി. കെ.വി സുമേഷ് എം.എൽ എ, ഫോക് ലോർ അക്കാദമി സെക്രട്ടറി എ.വി അജയകുമാർ, കോർപ്പറേഷൻ കൗൺസിലർ ഇ. ബീന, പുരാവസ്തു വകുപ്പ് ഡയറക്ടർ ഡോ. ഇ. ദിനേശൻ, മ്യൂസിയം വകുപ്പ് സൂപ്രണ്ട് പി.എസ് പ്രിയരാജൻ എന്നിവർ പങ്കെടുത്തു.

# കേരള സംസ്ഥാന വയോജന കമ്മീഷൻ: ജില്ലാതല യോഗം ചേർന്നു

**ആലപ്പുഴ**: കേരള സംസ്ഥാന വയോജന കമ്മീഷൻ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുന്നതിനായി ജില്ലാതല യോഗം ചേർന്നു. ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലയിലെ യോഗത്തിൽ വയോജന കമ്മീഷന്റെ ചെയർമാനായ കെ സോമ പ്രസാദ് അധ്യക്ഷത വഹിച്ചു. കമ്മീഷൻ അംഗങ്ങളായ ലോപ്പസ് മാത്യു, കെ. എൻ കെ നമ്പൂതിരി എന്നിവർ യോഗത്തിൽ സംസാരിച്ചു. ജില്ലാ തല വയോജന കൗൺസിൽ അംഗങ്ങൾ, വിവിധ പെൻഷൻ സംഘടന ഭാരവാഹികൾ സ്ഥാപന അധികാരികൾ വയോജന സേവന രംഗത്തെ വിദഗ്ധർ എന്നിവർ പങ്കെടുത്തു.




# റോഡ്മേറ്റ് സോഫ്റ്റ് ബോൾ ക്രിക്കറ്റ് ടൂർണമെന്റ്; കൊറിയോഗ്രാഫേഴ്സിന് കിരീടം

**കൊച്ചി:** ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റിക്കാർഡ് ലക്ഷ്യമിട്ട് നടത്തുന്ന റോഡ്മേറ്റ് സോഫ്റ്റ് ബോൾ ക്രിക്കറ്റ് ടൂർണമെന്റിന്റെ കർട്ടൺ റെയ്സർ മത്സരത്തിൽ സിനിമ മേഖലയിൽ നിന്നുള്ള കൊറിയോഗ്രാഫേഴ്സ് ടീം കിരീടം ചൂടി. കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ കൊച്ചിൻ കസ്റ്റംസിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് കൊറിയോഗ്രാഫേഴ്സ് ജേതാക്കളായത്.

നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ കസ്റ്റംസ് ടീം നേടിയ 60 റൺസ് രണ്ട് ഓവറും മൂന്നു ബോളും ബാക്കിനിൽക്കേ കൊറിയോഗ്രാഫേഴ്സ് ടീം മറികടന്നു. ഏഴ് ബോളിൽ നാല് ഫോറുമായി 27 റൺസും, രണ്ട് ഓവറിൽ മൂന്ന് റൺസ് മാത്രം വിട്ടു നൽകി മൂന്നു വിക്കറ്റും നേടി ഓൾറൗണ്ട് പ്രകടനം നടത്തിയ കൊറിയോഗ്രാഫേഴ്സ് താരം അജിത് ജാൻ ആണ് പ്ലെയർ ഓഫ് ദി മാച്ച്. റോഡ്മേറ്റ് സിഇഒ സി.പി. ജിയാദ്, സിഒഒ സുജയ്ദ ജിയാദ് എന്നിവർ ചേർന്ന് വിജയികൾക്ക് ട്രോഫി കൈമാറി.

ചടങ്ങിൽ നർക്കോട്ടിക് സെൽ എസിപി അബ്ദുൾ സലീം, കൊച്ചി കോർപറേഷൻ എച്ച്ഐ കൃഷ്ണകുമാർ, സെലിബ്രിറ്റി ക്രിക്കറ്റേഴ്സ് ഫ്രെട്ടേണിറ്റി പ്രസിഡന്റ് അനിൽ തോമസ്, എക്സിക്യൂട്ടീവ് അംഗം സ്ലീബ വർഗീസ്, താരസംഘടനയായ അമ്മയുടെ ട്രഷറർ ഉണ്ണി ശിവപാൽ, നടൻമാരായ അഖിൽ മാരാർ, സാജു നവോദയ, സോഹൻ സീനുലാൽ, സിജോയ് വർഗീസ്, ശ്രീകാന്ത് മുരളി, രമ്യ പണിക്കർ, പ്രിൻസി ഫിലിപ്പ്, അഥിസ്വ മോഹൻ തുടങ്ങിയവർ പങ്കെടുത്തു.

കേരള പോലീസ്, കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ്, സ്റ്റേറ്റ് എക്സൈസ്, എറണാകുളം പ്രസ് ക്ലബ് ടീം, സെലിബ്രട്ടി ക്രിക്കറ്റേഴ്സ് ടീമുകൾ, മീഡിയ ടീമുകൾ അടക്കം 16 ടീമുകളാണ് മാറ്റുരച്ചത്.

ടൂർണമെന്റിന്റെ ആദ്യഘട്ടം ജനുവരി 11 ന് ആരംഭിക്കും. മൂന്ന് മാസങ്ങളിലായി നടക്കുന്ന ടൂർണമെന്റിൽ സൗത്ത് ഇന്ത്യയിലെ നാലു സംസ്ഥാനങ്ങളിൽ നിന്നായി 5000 ടീമുകളും 60,000 കളിക്കാരും പങ്കെടുക്കും.

കേരളത്തിൽ എല്ലാ ജില്ലകളിലും, തമിഴ്നാട്, കർണാടക, തെലുങ്കാന സംസ്ഥാനങ്ങളിലും മത്സരവേദികളുണ്ട്. ഇന്ത്യൻ ക്രിക്കറ്റ് താരം സഞ്ജു സാംസൺ ആണ് ബ്രാൻഡ് അംബാസിഡർ. ഇത്രയേറെ ടീമുകളും കളിക്കാരും പങ്കെടുക്കുന്ന മറ്റൊരു ടൂർണമെന്റ് ലോകത്തെവിടെയും ഇല്ലെന്ന് സി.പി. ജിയാദ് പറഞ്ഞു.

# ചികിത്സയോടൊപ്പം ആരോഗ്യപരിപാലനത്തിലും ജീവിത ശൈലിയിലും ശ്രദ്ധ പുലർത്തണമെന്ന് വി. അബ്ദുറഹ്മാൻ

**മലപ്പുറം:** ജീവിത ശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിൽ ചികിത്സയോടൊപ്പം ആരോഗ്യ പരിപാലനത്തിലും ശ്രദ്ധ പുലർത്തണമെന്ന് കായിക വകുപ്പ് മന്ത്രി വി.അബ്ദുറഹ്മാൻ. ആരോഗ്യകരമായ ജീവിതശൈലി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പും കായിക വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന 'ആരോഗ്യം ആനന്ദം- വൈബ് ഫോർ വെൽനെസ്, ഹെൽത്തി ലൈഫ്' ക്യാംപയിന് മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ സ്വീകരണം നൽകി സംസാരിക്കുകയായിരുന്നു മന്ത്രി. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം ആരോഗ്യപരിപാലനത്തിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടത് ഒരു ബദൽ സമൂഹത്തിന്റെ ആവശ്യമാണെന്നും ആരോഗ്യബോധവും കായിക ക്ഷമതയും വളർത്തുക എന്നതാണ് 'ആരോഗ്യം ആനന്ദം വൈബ് ഫോർ വെൽനെസ്, ഹെൽത്തി ലൈഫ്' ക്യാംപയിന്റെ പ്രധാന ലക്ഷ്യമെന്നും ജില്ലാതല പ്രചാരണ പരിപാടി ഉദ്ഘാടനം നിർവഹിച്ച് മന്ത്രി പറഞ്ഞു. പ്രചാരണത്തിന്റെ ഭാഗമായുള്ള റോഡ് ഷോയുടെയും ജില്ലാ കളക്ടർ വി.ആർ. വിനോദിന്റെ നേതൃത്വത്തിലുള്ള സൈക്കിൾ റാലിയുടെയും ഫ്ലാഗ് ഓഫ് ചടങ്ങാണ് മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിച്ചത്.

കോട്ടക്കൽ വൈദ്യരത്നം പി.എസ് വാരിയർ ആയുർവേദ കോളേജിലാണ് സ്വീകരണം നൽകിയത്. ജില്ലാ കളക്ടർ വി.ആർ. വിനോദ് മുഖ്യാതിഥിയായി. കേരളം ജീവിതശൈലി രോഗങ്ങളുടെ തലസ്ഥാനമായി മാറുന്നത് ആശങ്കാജനകമാണെന്നും അവ തടയുന്നതിന് അടിയന്തര നടപടികൾ അനിവാര്യമാണെന്നും ജില്ലാ കളക്ടർ പറഞ്ഞു. ആരോഗ്യ വകുപ്പിന്റെ ഈ ക്യാംപയിൻ പൊതുസമൂഹത്തിൽ ആരോഗ്യകരമായ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. ഷിബുലാൽ അധ്യക്ഷത വഹിച്ചു. മലപ്പുറം എൻ.സി.ഡി നോഡൽ ഓഫീസർ ഡോ. വി.ഫിറോസ് ഖാൻ, ഡി.എം.ഒ (ഐ.എസ്.എം) ഇൻ ചാർജ് ഡോ. പി.എ അബ്ദുൽ സലാം,

ഡി.എം.ഒ (ഹോമിയോ) ഡോ. ഹന്നാ യാസ്മിൻ, ആർദ്രം നോഡൽ ഓഫീസർ ഡോ. കെ.കെ.പ്രവീണ , കോട്ടക്കൽ വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബിന്ദു എന്നിവർ സംസാരിച്ചു. എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ടി.എൻ. അനൂപ് സ്വാഗതവും ജില്ലാ മീഡിയ എഡ്യൂക്കേഷൻ ഓഫീസർ കെ.പി.സാദിഖലി നന്ദിയും പറഞ്ഞു.

മലപ്പുറത്തെ സ്വീകരണത്തിന് ശേഷം കോട്ടക്കലിൽ നിന്നും ജില്ലാ കളക്ടർ വി.ആർ വിനോദ് ന്റെ നേതൃത്വത്തിൽ ആരംഭിച്ച റോഡ് ഷോയും സൈക്കിൾ റാലിയും പുത്തനത്താണി , പട്ടർനടക്കാവ് വഴി കുറ്റിപ്പുറത്തു അവസാനിച്ചു. പുത്തനത്താണിയിൽ പ്രചാരണ റാലിയ്ക്ക് നൽകിയ സ്വീകരണ ചടങ്ങിൽ ആതവനാട് ഗ്രാമപഞ്ചായത്ത് അംഗം കെ.പി. മറിയാമ്മ, എം.കെ സക്കരിയ, ഹെൽത്ത് ഇൻസ്പെക്ടർ മുഹമ്മദ് ഖുറൈശി എന്നിവർ സംസാരിച്ചു. തിരുനാവായ പട്ടർനടക്കാവിലെ സ്വീകരണ ചടങ്ങ് കുറുക്കോളി മൊയ്തീൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കുറ്റിപ്പുറം ബസ് സ്റ്റാൻഡിലെ സമാപന ചടങ്ങ് ആബിദ് ഹുസൈൻ തങ്ങൾ ഉദ്ഘാടനം ചെയ്തു. കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജയ് കുമാർ അധ്യക്ഷനായി.

ആയുഷ്, ആരോഗ്യം, ഐ.സി.ഡി.എസ് , എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ യോഗ ഡാൻസ്,സി.പി.ആർ. പരിശീലനം,കോൽക്കളി കളരിപ്പയറ്റ്, യോഗ പരിശീലനം, ന്യൂട്രീഷ്യൻ ക്ലാസ്, നാടൻ പാട്ട്, പുള്ളുവൻ പാട്ട്, സംഘഗാനം, ആശമാരുടെ ഒപ്പന, ഹെൽത്തി ഫുഡ് ഫെസ്റ്റ്, സെൽഫി കോർണർ എന്നീ പരിപാടികൾ സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, ആശാ വർകർമാർ,ട്രോമാ കെയർ വോളണ്ടിയർമാർ, ബസ് ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയവർ സൈക്കിൾ റാലിയിലും പൊതു സമ്മേളനത്തിലും പങ്കെടുത്തു.



# വരദയുടെ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ എത്തിച്ച് യൂസഫലി

**കൊച്ചി:** ചെറിയ പ്രായത്തിൽ തന്നെ ആയിരം പുസ്തകം വായിച്ച് റെക്കോർഡിട്ട വരദയെന്ന കുട്ടിയ്ക്ക് നൽകിയ ഉറപ്പ് നിറവേറ്റി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി. തിരുവനന്തപുരം മലയിൻകീഴ് സ്വദേശിയും വിളവൂർക്കൽ ജി.എച്ച്.എസ്.എസിലെ ആറാം ക്ലാസ് വിദ്യാർത്ഥിനിയുമായ വരദയ്ക്ക് പുസ്തകങ്ങൾ എത്തിച്ച് നൽകിയാണ് എം.എ യൂസഫലി ക്രിസ്തുമസ് സമ്മാനം ഒരുക്കിയത്. കൊച്ചിയിലെ ഒരു പൊതുപരിപാടിയിൽ എം.എ യൂസഫലി എത്തിയപ്പോഴാണ് തന്റെ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ തരുമോ എന്ന ആഗ്രഹം വരദ പങ്കുവച്ചത്. ചെറിയ പ്രായത്തിൽ തന്നെ വരദ വായിച്ച് തീർത്തത് ആയിരം പുസ്തകങ്ങളാണ്. ഈ കഥ തന്നോട് പറഞ്ഞപ്പോൾ എം.എ യൂസഫലിക്കും കൗതുകമായി.

വരദ എഴുതിയ ആദ്യ പുസ്തകം മുഖ്യമന്ത്രി പിണറായി വിജയനായിരുന്നു പ്രകാശനം ചെയ്തത്. തന്റെ അടുത്ത പുസ്തകം യൂസഫലി സാർ പ്രകാശനം ചെയ്യണമെന്ന ആഗ്രഹവും വരദ ലുലു ഗ്രൂപ്പ് ചെയർമാനോട് പങ്കുവച്ചിരുന്നു. കൊച്ചു മിറുക്കിയുടെ ഈ ആഗ്രഹം സാധിച്ച് നൽകുമെന്ന് യൂസഫലി ഉറപ്പും നൽകി. പിന്നാലെയാണ് യൂസഫലിയുടെ ക്രിസ്മസ് സമ്മാനമെന്നോളം പുസ്തകങ്ങളുമായി മലയിൻ കീഴിലെ വരദയുടെ വീട്ടിലേക്ക് ലുലു ഗ്രൂപ്പ് പ്രതിനിധികൾ എത്തിയത്. ലുലു ഗ്രൂപ്പ് ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജും ലുലുഗ്രൂപ്പ് പ്രതിനിധി നൗഫൽ കരീമും ചേർന്ന് വരദയ്ക്ക് പുസ്തകങ്ങൾ കൈമാറിയപ്പോൾ സന്തോഷം വാക്കുകളിൽ ഒതുങ്ങിയില്ല.

അസൗകര്യങ്ങൾ നിറഞ്ഞ തന്റെ കുഞ്ഞ് ലൈബ്രറിയിൽ എം.എ യൂസഫലി സമ്മാനിച്ച മുഴുവൻ പുസ്തകങ്ങളും വയ്ക്കുവാൻ സാധിച്ചില്ല, കുറച്ച് കൂടി വിശാലമായ ലൈബ്രറി നിർമ്മിക്കണമെന്നാണ് തന്റെ ആഗ്രഹമെന്നും വരദ പറഞ്ഞു. പ്രതീക്ഷിച്ചതിൽ കൂടുതൽ പുസ്തകങ്ങൾ യൂസഫലി സാർ സമ്മാനിച്ചെന്നും താൻ എഴുതി തുടങ്ങിയ പുതിയ പുസ്തകം പ്രകാശനം ചെയ്യാൻ യൂസഫലി സാറിനെ വിളിക്കുമെന്നും വരദ പ്രതികരിച്ചത്. നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ പ്രകാശനം ചെയ്യാനാണ് ആഗ്രഹിക്കുന്നതെന്നും വരദ ആഗ്രഹം അറിയിച്ചു.തന്റെ വായനാ ലോകത്തേക്ക് പുതിയ പുസ്തകങ്ങൾ സമ്മാനിച്ച യൂസഫലി സാറിനോട് കൊച്ചു മിറുക്കിക്ക് ഹൃദയം നിറഞ്ഞ നന്ദിവാക്കുകൾ മാത്രമായിരുന്നു മറുപടി.

# ബിൽഡ്‌വെൽ റിവ അപ്പാർട്ട്മെന്റിന്റെ താക്കോൽ കൈമാറി



**കൊച്ചി :** നിർമ്മാണം നിലച്ചുപോയ അപ്പാർട്ടുമെന്റ് കോടതിയുടെ അനുമതിയോടെ ഏറ്റെടുത്ത് ബിൽഡ് വെൽ നിർമ്മാണം പൂർത്തിയാക്കിയ 40 അപ്പാർട്ട്മെന്റുകളിലെ 31 എണ്ണത്തിന്റെ താക്കോൽ കൈമാറി. കൊച്ചി ഹോളിഡേ ഇൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ ടി.ജെ വിനോദ് എം.എൽഎ താക്കോൽ കൈമാറ്റം ഉദ്ഘാടനം ചെയ്തു.

ബിൽഡ് വെൽ മാനേജിംഗ് ഡയറക്ടർ കെ.പി സജികുമാർ, പി.എം.സി ചെയർമാൻ കെ.പി ദിലീപ്, ജനറൽ മാനേജർ ജോജിചാക്കോ പി.എം.സി അംഗം വിനോദ് നായർ തുടങ്ങിയവർ പ്രസംഗിച്ചു. 2016-17 കാലയളവിലാണ് പ്രമുഖ കമ്പനിയുടെ കൊച്ചി, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലെ വിവിധ പദ്ധതികളിലായി 200ലധികം പേരാണ് അപ്പാർട്ടമെന്റിനായി പണം മുടക്കിയത്. ഇവരിൽ പലരും മുഴുവൻ തുകയും നൽകിയിരുന്നുവെങ്കിലും പദ്ധതി പാതിവഴിയിൽ നിലച്ചു പോയി. പിന്നീട് കോടതിയുടെ ഇടപെടലിനെ തുടർന്നാണ് ബിൽഡ് വെൽ നിർമ്മാണം ഏറ്റെടുത്തത്.

തുടർന്നാണ് ബിൽഡ് വെൽ റിവ എന്ന പേരിൽ നിർമ്മാണം പൂർത്തിയാക്കി 40 അപ്പാർട്ട്മെന്റുകളിൽ 31 എണ്ണത്തിന്റെ താക്കോൽ കൈമാറിയത്. 2026 ൽ രണ്ടാം പകുതിയിൽ ബിൽഡ് വെൽ രണ്ട് പ്രോജക്ടുകൾ കൂടി കൈമാറും, കളമശ്ശേരിയിലെ റേമൗണ്ട് പ്രോജക്റ്റ് , കോട്ടയത്തെ ബേവ്യൂ പ്രോജക്റ്റ് എന്നിവയാണ്.

# റിപ്പോർട്ട് പുറത്തിറക്കി ബിർല ഒപസ്

**കൊച്ചി, :** ആദിത്യ ബിർല ഗ്രൂപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ബിർല ഒപസ് പെയിന്റ്സ് 2025ലെ ഇന്ത്യൻ ഉപഭോക്താക്കളുടെ വർണ്ണ തിരഞ്ഞെടുപ്പുകൾ വിശകലനം ചെയ്യുന്ന ബിർല ഒപസ് റീപ്ലേ റിപ്പോർട്ട് പുറത്തിറക്കി. ദക്ഷിണേന്ത്യയിലെ ഉഷ്ണമേഖലാ കാലാവസ്ഥയും ലളിതമായ സൗന്ദര്യബോധവും വീടുകളുടെ വർണ്ണ തെരഞ്ഞെടുപ്പുകളിൽ നിർണായക സ്വാധീനം ചെലുത്തിയതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. വെളുപ്പും ഇളം നിറങ്ങളും മുൻതൂക്കം നേടിയതിൽ കേരളം മുന്നിൽ നിന്നു. 'കോംപാക്ട് ഓൺ സ്കിൻ' എന്ന ഇളം വർണ്ണം ശ്രദ്ധേയമായി. കൊച്ചിയും ചെന്നൈയും പ്രകാശം പരമാവധി ഉപയോഗപ്പെടുത്തുന്ന അൾട്രാലൈറ്റ് ഷേഡുകൾ തെരഞ്ഞെടുത്തപ്പോൾ, ബംഗളൂരു ശാന്തമായ വെളുപ്പും നീല നിറങ്ങളും മുൻഗണന നൽകി.

# എച്ച്ഡിഎഫ്സി ബാങ്ക് സിഎസ്ആർ റിപ്പോർട്ടിന്റെ ആദ്യ പതിപ്പ് പുറത്തിറക്കി

**കൊച്ചി:** എച്ച്.ഡി.എഫ്.സി ബാങ്ക് വാർഷിക സി.എസ്.ആർ. റിപ്പോർട്ട് പുറത്തിറക്കി. 2024-25 സാമ്പത്തിക വർഷത്തിൽ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) സംരംഭങ്ങൾക്കായി ബാങ്ക് 1,068.03 കോടി ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു, മുൻ വർഷത്തെ അപേക്ഷിച്ച് ഏകദേശം 123 കോടിയുടെ വർധനവാണിത്. സഞ്ചിതമായി, 2025 മാർച്ച് 31 വരെ, ബാങ്ക് സി.എസ്.ആർ. പരിപാടികളിൽ ആകെ 6,176 കോടിയാണ് നിക്ഷേപിച്ചിട്ടുള്ളത്.

# കൊച്ചിൻ കാർഡിയാക് ഫോറം: ഡോ. ലൂയി ഫിഷർ പ്രസിഡന്റ്; ഡോ. ധനുഷ് സദാശിവൻ നായർ സെക്രട്ടറി





ഡോ. ലൂയി ഫിഷർ, ഡോ. ധനുഷ് സദാശിവൻ

**കൊച്ചി:** ഹൃദ്രോഗ വിദഗ്ധരുടെ സംഘടനയായ കൊച്ചിൻ കാർഡിയാക് ഫോറത്തിന്റെ പ്രസിഡന്റായി ഡോ. ലൂയി ഫിഷറിനെയും സെക്രട്ടറിയായി ഡോ. ധനുഷ് സദാശിവൻ നായരെയും തിരഞ്ഞെടുത്തു. കോലഞ്ചേരി എം. ഒ.എസ്.സി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചീഫ് ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റും പ്രഫസറുമാണ് ഡോ. ലൂയി ഫിഷർ. കൊച്ചി വെൽകെയർ ആശുപത്രിയിലെ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റാണ് ഡോ. ധനുഷ് സദാശിവൻ നായർ.

# ഐസിഎഐ കോൺവൊക്കേഷൻ നടന്നു



**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ കോൺവൊക്കേഷൻ കൊച്ചിയിൽ നടന്നു. ആലുവയിലെ ഇന്നേറ്റ് കൺവെൻഷണൽ ഇക്കോ ലാൻഡിൽ നടന്ന ചടങ്ങിൽ 900 പുതിയ ചാർട്ടേഡ് അക്കൗണ്ടന്റുമാർ അംഗത്വം ഏറ്റുവാങ്ങി. ചടങ്ങിൽ കെഎസ്ഐഡിസി ചെയർമാൻ ബാലഗോപാൽ ചന്ദ്രശേഖരൻ മുഖ്യാതിഥിയായി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റസ് ഓഫ് ഇന്ത്യയുടെ പരിശ്രമങ്ങളും പ്രതിബദ്ധതയും നാടിന്റെ വളർച്ചയുടെ ഭാഗമാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ചാർട്ടേഡ് അക്കൗണ്ടന്റായി ചുമതല ഏറ്റെടുക്കുമ്പോൾ ഭാരിച്ച ഉത്തരവാദിത്തങ്ങൾ കൂടിയാണ് ഏറ്റെടുക്കുന്നത്. ഏറെ പ്രതീക്ഷയോടെയാണ് ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ പ്രവർത്തനം സമൂഹം നോക്കിക്കാണുന്നത്. ബിസിനസ് ധാർമ്മികത, നിയമാനുസരണം പ്രവർത്തിക്കൽ, കരാറുകൾ പാലിക്കൽ തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഇന്ത്യയുടെ ഭാവി വികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും വലിയ സംഭാവനകളാണ് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ നൽകുന്നതെന്നും ബാലഗോപാൽ ചന്ദ്രശേഖരൻ ചൂണ്ടിക്കാട്ടി. ചടങ്ങിൽ ഐ.സി.എ.ഐ കേന്ദ്ര കൗൺസിൽ അംഗം ബാബു എബ്രഹാം കള്ളിവയലിൽ, എസ്. ഐ. ആർ. സി സെക്രട്ടറി ദീപ വർഗീസ്, ഐ.സി.എ.ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ എ. എസ് ആനന്ദ് എന്നിവർ പ്രസംഗിച്ചു.

# ബാംബൂ ഫെസ്റ്റ്: മുളയുൽപ്പന്ന നിർമ്മാണത്തിന് സൗജന്യ പരിശീലനം

**കൊച്ചി:** കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന കേരള ബാംബൂ ഫെസ്റ്റിവലിൽ മുളയൽപ്പന്നങ്ങൾ നിർമ്മിക്കാൻ തത്സമയ പരിശീലനവും അടിസ്ഥാന വിവരശേഖരം പകരലും. രജിസ്റ്റർ ചെയ്യുന്നവർക്ക് തികച്ചും സൗജന്യമായാണ് സംസ്ഥാന ബാംബൂ മിഷൻ മുളയുൽപ്പന്ന നിർമാണത്തിൽ പരിശീലനം നൽകുന്നത്.

ലൈവ് ഡെമോയാണ് ഇതുവരെ ഫെസ്റ്റിനു ചാരുത പകർന്നതെങ്കിൽ ഇത്തവണ കാണികളെ കൂട്ടത്തോടെ ആകർഷിക്കുകയാണ് തത്സമയ പരിശീലനം.

ഇരിങ്ങാലക്കുട സ്വദേശി കെ കെ സോണി , ഇടുക്കി സ്വദേശിനി അംബുജം ഭാസ്കരൻ, വയനാട് സ്വദേശിനി പ്രസീത ബിജു എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്.

ഇവർ മൂവരും ചേർന്ന് ദിവസേന നൂറോളം പേർക്ക് ഫെസ്റ്റിൽ പരിശീലനം നൽകുന്നുണ്ട്.

മുള ഉത്പന്നങ്ങൾ നിർമിക്കുന്നത് പഠിക്കാൻ ധാരാളം പേർ താത്പര്യം കാണിക്കുന്നുണ്ടെന്ന് ഇവർ പറയുന്നു. ഒരു പരിചയവുമില്ലാത്തവർക്കും മുളയുൽപ്പന്ന നിർമാണം പഠിക്കാം. ഡിസംബർ 31 വരെ രാവിലെ 10.30 മുതൽ രാത്രി 8.30 വരെയും ജനുവരി ഒന്നിനു ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 8.30 വരെയുമാണ് ഫെസ്റ്റിന്റെ സമയക്രമം. പ്രവേശനം സൗജന്യം.



# റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ്; 5,100 വിദ്യാർത്ഥികൾ അർഹരായി

**കൊച്ചി:** റിലയൻസ് സ്ഥാപക ചെയർമാൻ ധീരുഭായ് അംബാനിയുടെ 93ാം ജന്മവാർഷികത്തോട് അനുബന്ധിച്ച്, റിലയൻസ് ഫൗണ്ടേഷൻ 2025-26 വർഷത്തെ ബിരുദ, ബിരുദാനന്തര സ്കോളർഷിപ്പുകളുടെ ഫലം പ്രഖ്യാപിച്ചു.

രാജ്യത്തിന്റെ ശോഭനമായ ഭാവിക്കായി യുവപ്രതിഭകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ, ഈ വർഷം 5,100 വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിനായി തിരഞ്ഞെടുത്തത്. ഒരു വലിയ, ദീർഘകാല ദേശീയ സംരംഭത്തിന്റെ ഭാഗമാണ് റിലയൻസ് ഫൗണ്ടേഷന്റെ സ്കോളർഷിപ്പുകൾ. 2022ൽ, ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം അംബാനി, 10 വർഷത്തിനുള്ളിൽ 50,000 സ്കോളർഷിപ്പുകൾ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപനത്തോടുള്ള പ്രതിബദ്ധതയുടെ സമർപ്പണത്തിന്റെ ഭാഗമായി, ഫൗണ്ടേഷൻ ഇന്നുവരെ 33,471 സ്കോളർഷിപ്പുകൾ നൽകിക്കഴിഞ്ഞു.

2025-26 വർഷത്തെ തിരഞ്ഞെടുപ്പ് പ്രക്രിയ വളരെ മത്സരാധിഷ്ഠിതമായിരുന്നു; രാജ്യത്തെ 15,544 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി ലഭിച്ച 1,25,000ത്തിലധികം അപേക്ഷകളിൽ നിന്നാണ് ഏറ്റവും യോഗ്യരായ 5,100 വിദ്യാർത്ഥികളെ തിരഞ്ഞെടുത്തത്. സ്കോളർഷിപ്പ് ലഭിച്ചവരിൽ 83% പേർ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ബിരുദ വിദ്യാർത്ഥികളിൽ 97% പേരും പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ 90 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയവരാണ്. 5000 ബിരുദ വിദ്യാർത്ഥികളിൽ 48% പെൺകുട്ടികളും 52% ആൺകുട്ടികളുമാണ്. ഈ വർഷം തിരഞ്ഞെടുക്കപ്പെട്ടവരിൽ 146 പേർ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളാണ്.

# ക്രിസ്തുമസ്, പുതുവത്സര ആഘോഷം; സമ്മാനങ്ങളുമായി അസറ്റ് ഹോംസ്

**കൊച്ചി:** ക്രിസ്തുമസ്, പുതുവത്സര സീസൺ പ്രമാണിച്ച് ഫ്ളാറ്റുകളിലും വില്ലകളിലും സംഘടിപ്പിക്കുന്ന ആഘോഷങ്ങളുടേയും അലങ്കാരങ്ങളുടേയും മത്സരം സംഘടിപ്പിച്ച് പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ്. അസറ്റ് ഫെയറി ലൈറ്റ്സ് എന്ന മത്സരത്തിൽ സംസ്ഥാനത്തെ ഫ്ളാറ്റ്, വില്ല ഓണേഴ്സ് അസോസിയേഷനുകൾക്ക് പങ്കെടുക്കാം.

പാർപ്പിട പദ്ധതികളുടെ പൊതുപൂമുഖം, ക്ലബ് ഹൗസ് തുടങ്ങിയ കോമൺ ഏരിയകളിൽ ഒരുക്കുന്ന ക്രിസ്തുമസ്, പുതുവത്സര അലങ്കാരങ്ങളുടേയും ആഘോഷങ്ങളുടേയും മൂന്ന് ആംഗ്ളിൽ നിന്നുള്ള ഫോട്ടോകളും 30 സെക്കൻഡ് ദൈർഘ്യമുള്ള വിഡിയോയും delight@assethomes.in എന്ന ഇമെയിൽ വിലാസത്തിലോ +919526799999 എന്ന വാട്സാപ് നമ്പറിലോ അയച്ച് മത്സരത്തിൽ പങ്കെടുക്കാം. അല്ലെങ്കിൽ ചിത്രങ്ങളും വിഡിയോയും പകർത്താൻ അസറ്റ് ഹോംസ് പ്രതിനിധികളോട് ആവശ്യപ്പെടാവുന്നതുമാണ്.

പ്രവേശന ഫീ ഇല്ല. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി 2026 ജനുവരി 10. വിജയികൾക്ക് ഒന്നാം സമ്മാനം 1 ലക്ഷം രൂപ, രണ്ടാം സമ്മാനം 50,000 രൂപ, മൂന്നാം സമ്മാനം 25,000 രൂപ, 5000 രൂപയുടെ 10 പ്രോത്സാഹനസമ്മാനങ്ങൾ എന്നിങ്ങനെ മൊത്തം 2.25 ലക്ഷം രൂപയുടെ ക്യാഷ് അവാർഡുകൾ നൽകുമെന്ന് അസറ്റ് ഹോംസ് അധികൃതർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് delight@assethomes.in or 9946 00252/ 98464 99999

# 4680 ഭാരത് സെൽ കരുത്തുമായി ഓല ഇലക്ട്രിക്

**കൊച്ചി:** 4680 ഭാരത് സെൽ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന എസ്1 പ്രോ + (5.2 കിലോ വാട്ട് അവർ) സ്കൂട്ടറുകളുടെ വിതരണവുമായി ഓല ഇലക്ട്രിക്. പ്രവർത്തനങ്ങളുടെ ഭാഗമായി തമിഴ്നാട്, കേരളം, തെലങ്കാന, കർണാടക എന്നിവിടങ്ങളിൽ വിപുലീകരണം ആരംഭിച്ചു. ഇതിന്റെ ഭാഗമായി കൊച്ചി, കോയമ്പത്തൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ വാഹനങ്ങളുടെ വിതരണം നടത്തി. കമ്പനി തദ്ദേശീയമായി വികസിപ്പിച്ച 4680 ഭാരത് സെൽ ബാറ്ററി പാക്കിൽ എത്തുന്ന ആദ്യ ഉൽപ്പന്നമാണ് എസ്1 പ്രോ പ്ലസ് എന്നും ഇത് കൂടുതൽ റേഞ്ചും ഉയർന്ന പ്രകടനവും മികച്ച സുരക്ഷയും വാഗ്ദാനം ചെയ്യുന്നതായും ഓല ഇലക്ട്രിക് അധികൃതർ പറഞ്ഞു. ബംഗളൂരുവിൽ നിലവിൽ വിതരണം നടന്നുവരികയാണ്.



13 കിലോ വാട്ട് കരുത്ത് പകരുന്ന വാഹനം 40 കിലോ മീറ്റർ വേഗത കൈവരിക്കാൻ വെറും 2.1 സെക്കന്റ് മതി. 320 കിലോ മീറ്ററാണ് റേഞ്ച്. ഡ്യുവൽ എ.ബി.എസ്, മുൻപിലും പിന്നിലും ഡിസ്ക് ബ്രേക്കുകൾ എന്നിവ സുരക്ഷയ്ക്കായി നൽകിയിട്ടുണ്ട്. ഹൈപ്പർ, സ്പോർട്സ്, നോർമൽ, ഇക്കോ എന്നീ നാല് റൈഡിംഗ് മോഡുകളിൽ എസ്1 പ്രോ പ്ലസ് ലഭ്യമാണ്. വാഹനങ്ങളിൽ സ്വന്തമായി വികസിപ്പിച്ച 4680 ഭാരത് സെൽ ബാറ്ററി പാക്കുകൾ ഉൾപ്പെടുത്തിയതോടെ, സെൽ നിർമ്മാണവും ബാറ്ററി പാക്ക് നിർമ്മാണവും പൂർണ്ണമായും രാജ്യത്ത് നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ കമ്പനിയായി ഓല ഇലക്ട്രിക് മാറിയെന്നും ഓല ഇലക്ട്രിക് അധികൃതർ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിൽ വിതരണം വിപുലീകരിക്കുന്നതോടെ, ഈ സാങ്കേതികവിദ്യ രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തിക്കാനുള്ള തയ്യാറെടുപ്പിലാണെന്ന് ഓല ഇലക്ട്രിക് അധികൃതർ പറഞ്ഞു.

എസ്1പ്രോ പ്ലസ് 1.24 ലക്ഷം രൂപ മുതൽ 1.90 ലക്ഷം രൂപ വരെയുമാണ് വില ജെൻ3എസ്1 എക്സ് പ്ലസ് 84,999 രൂപ മുതൽ 1.19 ലക്ഷം രൂപ വരെയും റോഡ്സ്റ്റർ മോട്ടോർസൈക്കിൾ 99,999 രൂപ മുതൽ 1.89 ലക്ഷം രൂപ വരെയുമാണ് വില.

